(ബി) അതിനു കാരണമെന്തു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ടി സക്കുലറിന്റെ പ്രവർത്തനം ഫെ/ർ വു സക്കുലർകൊണ്ടു് നിർത്തിവച്ചിരിക്കുകയായിരുന്നു. എന്നാൽ ഡിപ്പാർട്ടുമെണ്ടു് പരിഷ്കരിച്ചതിനു ശേഷം, ടി സക്കുലർ ക്രമമായി നടപ്പിൽ വരുത്തികൊണ്ടിരിക്കുകയാണു്. അതിൻപ്രകാരം തിരുവിതാംകൂറിൽ നു—ം, കൊച്ചിയിൽ ഫെ൯-ം നിയമനങ്ങളും ഉണ്ടായിട്ടുണ്ടു്.

(ബി) ടി സക്കുലറിന്റെ പ്രവർത്തനം കുറച്ചുകാലം നിർത്തിവച്ചിരുന്നതുകൊണ്ടും കൊച്ചിയിൽ അപ്രകാരം നിലവിലിരുന്നിട്ടില്ലാതിരുന്നതുകൊണ്ടും.

ശബരിമലസംഭവാന്വേഷണം

*ഫ ൦൭൭ (നഫെ) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ;

(എ) ശബരിമലയിലുണ്ടായ അത്യാഹിതത്തിന്റെ അന്വേഷണാർത്ഥം ആരെയാണു് നിയമിച്ചതു്;

(ബി) ആ നിയമനം ഹേതുവായിട്ടുംമറ്റും അന്വേഷണത്തിനു എന്തു ചെലവുചെയ്തു;

(സി) ആ ഉദ്യോഗസ്ഥന്മാരൊ, സ്ഥാനമോ ആ ആവശ്യാർത്ഥം ഇന്നും സർവ്വീസിലിരിപ്പുണ്ടോ;

(ഡി) ആ സംഗതിയുടെ റിപ്പോർട്ടു് പൊതുജനസമക്ഷം വയ്ക്കാതിരുന്നതിന്റെ രഹസ്യമെന്തു"?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഡി. ഐ. ജി. ശ്രീ. കേശവമേനോനെയും, കൊല്ലം, കോട്ടയം ഡി. എസ്സു്. പി. മാരെയും.

(ബി) ഉദ്ദേശം നാലായിരം രൂപാ.

(സി) ശ്രീ. സി. കേശവമേനോൻ ഒഴിച്ചു് മറ്റുള്ളവരെല്ലാം സർവ്വീസിലുണ്ടു്.

(ഡി) അന്വേഷണം തുടർന്നുകൊണ്ടിരിക്കുന്ന കേസുകളുടെ രഹസ്യാന്വേഷണറിപ്പോർട്ടുകൾ പരസ്യപ്പെടുത്തുന്നതു് കേസിന്റെഅനന്തരാന്വേഷണങ്ങൾക്കു് വിഘാതമുണ്ടാകുമെന്നുള്ളതുകൊണ്ടാണു്, ഇതിന്റെ റിപ്പോർട്ടു പരസ്യപ്പെടുത്താത്തതു്.

കരിഞ്ചന്ത

*ഫ ൦ ൭൮ (ന. ൭) ശ്രീ. പി. കെ. കുമാരനാചാരി: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ:

കരിഞ്ചന്ത തടയുന്നതിനും നിർത്തൽ ചെയ്യുന്നതിനും ഗവർമ്മെൻറ് എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാം?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും, വകുപ്പുമന്ത്രി ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഗവർമ്മെൻറ് അനുവാദം കൂടാതെ നെല്ലും, അരിയും വിൽക്കലും, വാങ്ങലും നിരോധിച്ചിട്ടുണ്ടു്.

(ബി) ഇതിനു വിപരീതമായി പ്രവർത്തിക്കുന്നതു് കുറ്റകരവും, ശിക്ഷാർഹവുമാണു്.

LIBRARY ARCHIVES Kerala Legislative Assembly

(ന) നെല്ലും, അരിയും ഒരു താലൂക്കിൽനിന്നും മറ്റ താലൂക്കിലേയ്ക്കു പെർമിറ്റില്ലാതെ കൊണ്ടുപോകുന്നതു് നിരോധിച്ചിട്ടുണ്ടു്.

(ഠ) പോലീസ് ഉദ്യോഗസ്ഥന്മാർക്കും, ധാന്യസംഭരണ വിതരണ ഉദ്യോഗസ്ഥന്മാർക്കും കരിഞ്ചന്ത തടയുന്നതിനും നിവർത്തൽ ചെയ്യുന്നതിനും വേണ്ട നിർദ്ദേശങ്ങളും അധികാരങ്ങളും കൊടുത്തിട്ടുണ്ടു്.

(ഭ) ഇരുമ്പു്, ഉരുക്കു്, പൈപ്പു്, പഞ്ഞി ചാക്കിൽ കൂടുതൽ സിമിൻറു് ഇവ ഗവണ്മെൻറു് അനുവാദം കൂടാതെ വിൽക്കുകയും, വാങ്ങുകയും ചെയ്യുന്നതും, നിരോധിച്ചിട്ടുണ്ടു്. ഇതിനു വിപരീതമായി ചെയ്യുന്നതു് കുറ്റകരവും ശിക്ഷാർഹവുമാണു്.

(ന) പെർമിറ്റനുസരിച്ചു വാങ്ങുന്ന സാധനങ്ങൾ മറ്റാവശ്യങ്ങൾക്കു് വിനിയോഗിക്കാൻ പാടില്ലാത്തതാണു്.

(യ) ഇരുമ്പിനും, ഉരുക്കിനുമുള്ള അപേക്ഷകൾ അതാതു സ്ഥലങ്ങളിൽ ഉള്ള പി. ഡബ്ലിയു. സി. ആഫീസ്സറന്മാർ, തഹസീൽദാരന്മാർ, ഇൻഡസ്ട്രിയൽ സയറക്ടർ മുതലായവർ പരിശോധിച്ചു സർട്ടിഫൈ ചെയ്തതായിരിക്കണമെന്നു് നിർബന്ധിച്ചിട്ടുണ്ടു്.

ECONOMIC DEVELOPMENT BOARD

*1079. [45] **Sri. Sree V. Das:** Will the Hon'ble Minister for Industries be pleased to state,—

(*a*) when was the Economic Development Board constituted;

(*b*) who are the members of the Board;

(*c*) what is the work of the above Board;

(*d*) what suggestions has it made so far in respect of economic development;

(*e*) how many of the suggestions have been put into operation;

(*f*) have Government considered the necessity of appointing an Economic Adviser as in the Madras State?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) The Economic Development Board was constituted in July 1921. It was reconstituted on various occasions and the last reconstitution was in 1943. There is no such board functioniong now as it has already been dissolved on 22nd Karkadakam 1124.

(*b, c, d & e*) In veiw of the above answer these do not arise.

(*f*) No.

പിടിച്ചെടുത്ത നെല്ലു്

*൧൦൭൦ (൫൭) സാഹിബു് ബഹദൂർ വി. ചെല്ലാടി റാവുത്തർ:—താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ:

(എ) കാട്ടർ തൊപ്പിത്തറയിൽവെച്ചു് കുറച്ചുനെല്ലു് കളവായി കൊണ്ടുപോയതിനെ ചില യുവാക്കന്മാർ പിടിച്ചുതായും ചിലർ ചെന്നു് അവരിൽനിന്നു് അതു് വാങ്ങിച്ചുകൊണ്ടുപോയതായും ഒരു പരാതി പോലീസിൽ കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് എങ്ങനെയിരിക്കുന്നു?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും, വകുപ്പുമന്ത്രി ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly